/6023392/2024

# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:2751 09.05.2017 ൽ മറുപടിയ്ക്ക്

## ഇന്റഗ്രേറ്റഡ് വാട്ടർഷെഡ് മാനേജ്മെന്റ് പ്രോഗ്രാം

| ചോദ്യം<br>ശ്രീ.കെ.കൃഷ്ണൻകുട്ടി | | മറുപടി<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഇന്റഗ്രേറ്റഡ് വാട്ടർഷെഡ് മാനേജ്മെന്റ് പ്രോഗ്രാം പ്രകാരം കഴിഞ്ഞ നാലുവർഷം എത്ര രൂപയാണ് കേന്ദ്രസഹായം അനുവദിച്ചത്; ഓരോ വർഷത്തെയും കണക്ക് ലഭ്യമാക്കാമോ; ഇതിൽ എത്ര രൂപ ചെലവാക്കി; എത്ര രൂപ ലാപ്സാക്കി അല്ലെങ്കിൽ തിരിച്ചടച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | ഇന്റഗ്രേറ്റഡ് വാട്ടർഷെഡ് മാനേജ്മെന്റ് പ്രോഗ്രാം (IWMP) 2015-16 മുതൽ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന-നീർത്തട വികസന ഘടകം (WDC-PMKSY) പദ്ധതിയായാണ് നടപ്പിലാക്കി വരുന്നത്. WDC-PMKSY പദ്ധതിയ്ക്ക് കഴിഞ്ഞ നാലുവർഷം ലഭിച്ച ആകെ കേന്ദ്രസഹായം 51.78 കോടി രൂപയാണ്. ഓരോ വർഷത്തെയും കണക്ക് ചുവടെ ചേർക്കുന്നു.<br>2013-14 ലഭിച്ചിട്ടില്ല<br>2014-15 15.16 കോടി<br>2015-16 20 കോടി<br>2016-17 16.62 കോടി<br>കേന്ദ്രസഹായം പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ട്. |
| (ബി) | കേരളത്തിൽ ഏതൊക്കെ നീർത്തട പദ്ധതികളാണ് ഗ്രാമവികസന വകുപ്പ് നടപ്പിലാക്കുന്നത്; ഇതിനുള്ള ഉദ്യോഗസ്ഥ സംവിധാനം വ്യക്തമാക്കാമോ; | (ബി) | WDC-PMKSY മാത്രമാണ് ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്നത്. ഗ്രാമവികസന കമ്മീഷണറാണ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ. വാർഷിക കർമ്മ പദ്ധതി പ്രകാരമുള്ള ഫണ്ട് അനുവദിക്കുന്നത് ചീഫ് സെക്രട്ടറി ചെയർമാനായ സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റിയാണ്. സംസ്ഥാന തലത്തിൽ സാങ്കേതിക സഹായത്തിന് അഡീഷണൽ ഡയറക്ടർ (അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ) ഉൾപ്പെടെ 7 ഉദ്യോഗസ്ഥർ ഉണ്ട്. ജില്ലാതലത്തിൽ |

| | | | |
|---|---|---|---|
| | | | ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്റ്റ് ഡയറക്ടർ, ഒരു ടെക്നിക്കൽ എക്സ്പെർട്ട്, ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരും ബ്ലോക്ക് തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും പ്രോജക്റ്റ് എഞ്ചിനീയറും വില്ലേജ് തലത്തിൽ ഒരു വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറും ഉൾപ്പെടുന്നതാണ് ഉദ്യോഗസ്ഥ സംവിധാനം. |
| (സി) | പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതെങ്ങനെ പരിഹരിക്കാൻ ഉദ്ദേശിക്കുന്നു; വിശദമാക്കാമോ; | (സി) | ശ്രദ്ധയിൽ പെട്ടിട്ടില്ല |
| (ഡി) | ജലഗ്രാമം പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് എന്ന് കേന്ദ്രത്തിലേക്ക് സമർപ്പിക്കാനുദ്ദേശിക്കുന്നു; ഇത്തരം പദ്ധതികളിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഗ്രാമവികസന വകുപ്പ് ഉദ്ദേശിക്കുന്നത്; | (ഡി) | WDC-PMKSY പദ്ധതി മാത്രമാണ് ഗ്രാമവികസന വകുപ്പ് നടപ്പാക്കുന്നത്. ഈ പദ്ധതിയ്ക്ക് ജലഗ്രാമം പദ്ധതിയുമായി ബന്ധമില്ല. |
| (ഇ) | ഏതൊക്കെ പ്രവൃത്തികളാണ് സന്നദ്ധ സംഘടനകൾക്ക് പ്രവർത്തനത്തിനായി നൽകിയിട്ടുള്ളത്; ഏതൊക്കെ സന്നദ്ധസംഘടനകൾ ഗ്രാമവികസന വകുപ്പുമായി ചേർന്ന് പ്രവർത്തിക്കുന്നു; ലിസ്റ്റ് നൽകാമോ | (ഇ) | WDC-PMKSY പദ്ധതിയിലെ ഒരു പ്രവൃത്തിയും സന്നദ്ധ സംഘടനകൾ മുഖേന ചെയ്യിട്ടില്ല. |

Nirmala.V

സെക്ഷൻ ഓഫീസർ